©
കേരള സർക്കാർ
Government of Kerala
2017

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസററ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

വാല്യം 6 / Vol. VI | തിരുവനന്തപുരം, ചൊവ്വ / Thiruvananthapuram, Tuesday | 2017 ഡിസംബർ 12 / 12th December 2017 | 1193 വൃശ്ചികം 27 / 27th Vrischikam 1193 | 1939 അഗ്രഹായനം 21 / 21st Agrahayana 1939 | നമ്പർ / No. 49

## PART III

## Fisheries Department

പരസ്യം

നമ്പർ ഐ-3840/2015. 2017 നവംബർ 18.

2017-ാമാണ്ട് ഒക്ടോബർ മാസം 24-ാം തീയതി കൊല്ലം ജില്ലയിൽ തൃക്കടവൂർ വില്ലേജിൽ മതിലിൽ ചേരിയിൽ കല്ലൂർവിള പുതുവലിൽ തോമസ് മകൻ ജോസഫ് പേർക്ക് തേവലക്കര സബ് രജിസ്ട്രാർ ഓഫീസിലെ 1179/17-ാം നമ്പർ വിലയാധാര പ്രകാരം തേവലക്കര വില്ലേജിൽ അഷ്ടമുടിക്കായലിൽ റീസർവ്വേ ബ്ലോക്ക് 16-ൽ സർവ്വേ 466-ൽപ്പെട്ട കായൽ പുറമ്പോക്ക് 02 ആർ 02 ച.മീറ്റർ വെള്ളക്കെട്ട് സ്ഥലത്ത് കിഴക്കോട്ട് കൊമ്പ് ചായ്ച് നിൽക്കുന്നതും ഫിഷറീസ് വകുപ്പിൽ 1/94-ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഒരു ചീനവല തേവലക്കര കോയിവിള കോട്ടപ്പുറത്ത് കടവിൽ വീട്ടിൽ സ്റ്റീഫൻ മകൻ ശ്രീ. സെൻസിലാവോസ് ഭാഗപത്രം ചെയ്തു നൽകിയിട്ടുള്ളതാണ്. ശ്രീ. ജോസഫ് തന്റെ കൈവശത്തിലും അനുഭവത്തിലും ഉള്ളതായ ടി ചീനവല തന്റെ പേരിൽ പോക്കുവരവ് ചെയ്തുകിട്ടുന്നതിനായി അപേക്ഷിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ ടി ചീനവല അപേക്ഷകനായ തൃക്കടവൂർ വില്ലേജിൽ മതിലിൽ (പി. ഒ.) മതിലിൽ ചേരി കല്ലൂർവിള പുതുവലിൽ തോമസ് മകൻ ശ്രീ. ജോസഫ് പേർക്ക് പട്ടയം നൽകുന്നതിനെതിരെ ന്യായമായ പരാതിയുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന തീയതി മുതൽ രണ്ടു മാസത്തിനുള്ളിൽ ഈ ആഫീസിൽ രേഖാമൂലം പരാതി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പരാതി ഒന്നും ഇല്ല എന്ന് കണക്കാക്കി അപേക്ഷകന്റെ പേരിൽ പോക്കുവരവ് ചെയ്ത് പുതിയ പട്ടയം നൽകുന്നതാണ്.

ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറാഫീസ്, (ഒപ്പ്)
കൊല്ലം. ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ.

---